1. 06/02/2025 തീയതിയിലെ സ.ഉ(സാധാ) നമ്പർ 369/2025/LSGD നമ്പർ ഉത്തരവ് പ്രകാരം ദിവസ വേതനാടിസ്ഥാനത്തിൽ മൂന്നാം തരം ഓവർസിയർമാരെ താൽക്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകി കൊണ്ട് ഉത്തരവായിട്ടുള്ളതാണ്.04/11/2025 തീയതി നടന്ന അടിയന്തിര യോഗത്തിലെ 33/1 ാം നമ്പർ തീരുമാനപ്രകാരം തൃശ്ശൂർ കോർപ്പറേഷനിൽ നിലവിൽ ഒഴിവുള്ള 4 മൂന്നാം തരം ഓവർസിയർ തസ്തികയിലേക്ക് താൽക്കാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള പത്ര വാർത്ത നൽകി കൂടിക്കാഴ്ച നടത്തി റാങ്ക് ലിസ്റ്റ് തയ്യറാക്കി നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. 30/12/2025 ന് കൂടിക്കാഴ്ച നടത്തി ആയതിൽ ഹാജരായ 2 പേരുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും 2 പേരെ ( കിഷോർ ടി.എസ്,ഭവ്യ ബാബു കെ ,)ബഹു.മേയറുടെ മുൻകൂർ അനുമതി പ്രകാരം 20206 ജനുവരി 13 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി മൂന്നാം ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിയമിച്ച ഓഫീസ് നടപടിയും ബഹു.മേയറുടെ മുൻകൂർ അനുമതിയും സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

67. **വിഷയം (ഫയൽ നമ്പർ - 4961805-2025)**

തൃശ്ശൂർ കോർപ്പറേഷൻ - മരാമത്ത് വിഭാഗം - എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ വിൽവട്ടം സോണൽ ഡിവിഷൻ - 4 വിയ്യൂർ -പ്ലാവിൻകൂട്ടം റോഡിൽ അംഗൻവാടി നമ്പർ -3 ബോർവെല്ലിലെ മോട്ടോർ തകരാറിലാവുകയും, ആയതു മാറ്റി പുതിയ മോട്ടോർ സ്ഥാപിക്കേണ്ടത് വളരെ അത്യാവശ്യമായതിനാൽ പഴയ മോട്ടോർ മാറ്റുന്ന പ്രവർത്തി ഡിവിഷൻ 04 ലെ വിവിധ അംഗൻവാടികളുടെ മെയിന്റൻസ് എന്ന പദ്ധതിയിൽ ( PRO. NO 715/2024-25 ) ഉൾപ്പെടുത്തി ചെയ്യുന്നതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടതായി വരുമെന്ന് വിൽവട്ടം സോണൽ അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ആയത് പ്രകാരം മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനും തീരുമാനിച്ചു.

68. **വിഷയം (ഫയൽ നമ്പർ - 865764-2024)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - പൊതുഭരണ വിഭാഗം - അധിക വാഹനങ്ങൾക്കനുസൃതമായി താല്കാലിക ദിവസവേതന നിരക്കിൽ ജോലിക്ക് നിയോഗിച്ചത് - കാലാവധി പൂർത്തീകരിച്ചത് സംബന്ധിച്ച്

**തീരുമാനം**

1. സെക്രട്ടറിയുടെ ഡ്രൈവറായ അജയകുമാർ ഒ.എസ് എന്നവരുടെ നിയമന കാലാവധി ആറ് മാസത്തേക്ക് കൂടി ദിവസ വേതനത്തിലെ ബ്രേക്ക് നൽകി കൊണ്ട് 10.02.2026 മുതൽ താൽക്കാലികമായി ദീർഘിപ്പിച്ച് നൽകുന്നതിനും തീരുമാനിച്ചു.ശ്രീ . കൃഷ്ണകുമാർ പി എസ് , സുധീർ കെ വൈ , പ്രദീപ് ,അഭിലാഷ് എം പി എന്നിവർ വിടുതൽ ചെയ്യുന്നത തിയ്യതി വരെ ദിവസ വേതനം അനുവദിക്കുന്നതിനും തീരുമാനിച്ചു.

69. **വിഷയം (ഫയൽ നമ്പർ - 1372252-2026)**

E3-1049/09 Pension &Pension benefit Vijayalakshmi

**തീരുമാനം**

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24/01/2026 ലെ LSGD/PD/39464/2025 PEN A 4 നമ്പർ ഉത്തരവ് പ്രകാരം വൈദുതി വിഭാഗത്തിൽ നിന്നും 31/03/2010 ൽ സീനിയർ സുപ്രണ്ട് തസ്തികയിൽ നിന്നും വിരമിച്ച ശ്രീമതി വിജയലക്ഷ്മി റ്റി യ്ക്ക് 18 വർഷത്തെ ഗ്രേഡ് നെ തുടർന്ന് പരിഷ്കരിച്ച നിരക്കിലെ പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അനുവദിച്ചു ഉത്തരവായിട്ടുണ്ട് .ആയതുപ്രകാരം പ്രതിമാസ പെൻഷൻ Rs-14188/-ഉം DCRG 5,21,284/-ഉം ആണ് . പെൻഷൻ കുടിശ്ശിക ഇനത്തിൽ 1,61,926/-രൂപയും, DCRG ഇനത്തിൽ 23,161/-രൂപയും,ഉൾപ്പടെ1,85,087/-രൂപ അനുവദിക്കേണ്ടതുണ്ട്.ടി തുക അനുവദിക്കുന്നതിനും തീരുമാനിച്ചു.

70. **വിഷയം (ഫയൽ നമ്പർ - 5770527-2025)**

തൃശ്ശൂർ കോർപ്പറേഷൻ -ലാലൂർ ഐ.എം വിജയൻ സ്റ്റേഡിയം ഉദ്ഘാടനം-പോലീസ് വെരിഫിക്കഷെന്റെ ഭാഗമായി അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. അയ്യന്തോൾ സോണൽ 50-ാം ഡിവിഷനിലെ I M വിജയൻ സ്റ്റേഡിയം ഉദ്ഘടനത്തോടനുബന്ധിച്ച് പോലീസ് വെരിഫിക്കേഷന്റെ ഭാഗമായി സുരക്ഷാക്രമീകരണങ്ങൾ ഒരുക്കുന്നതിനും അനിയന്ത്രിതമായ തിരക്ക് ഒഴിവാക്കുന്നതിനും കൂടുതൽ ക്രമീകരണങ്ങൾ (Extra baricades, platforms etc)ചെയ്യേണ്ടതായി വന്നു. ആയതിന്റെ ബിൽ തുക 54304/-രൂപ അനുവദിച്ചുനൽകണമെന്ന് അയ്യന്തോൾ സോണൽ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം തുക അനുവദിക്കുന്നതിനും തീരുമാനിച്ചു.

71. **വിഷയം (ഫയൽ നമ്പർ - 6022331-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ നഗരാസൂത്രണം വിഭാഗം KL -08 -CD- 4854 നമ്പർ വാഹനത്തിന്റെ അറ്റകുറ്റപണികൾ നടത്തുന്നത് - ബഹു. മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശൂർ മുനിസിപ്പൽ കോർപറേഷൻ വക KL-08 CD 4854 നമ്പർ IZSUZ വാഹനത്തിന്റെ (ഹെൽത്ത് സ്ക്വാഡ്) സർവ്വീസ് അറ്റകുറ്റപണികൾക്കായി MANIKANDAN MOTORS PVT LTD എന്ന സ്ഥാപനത്തിന്റെ 7220/- രൂപയുടെ എസ്റ്റിമേറ്റ് അനുവദിക്കാവുന്നതാണെന്ന് എഞ്ചിനീയറിംഗ് വിഭാഗം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപണികൾ നടത്തിയ വകയിൽ 7220/- രൂപ ബഹു.മേയറുടെ മുൻകൂർ അനുമതിയോടെ അനുവദിക്കുന്നതിനും സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

72. **വിഷയം (ഫയൽ നമ്പർ - 5691934-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - പൊതുഭരണ വിഭാഗം - UFHC പറവട്ടാനി- താൽകാലിക ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ഫാർമസിസ്റ്റ് - കാലാവധി പൂർത്തീകരിച്ചത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലിന്റെ 07.11.2024 തീയ്യതിയിൽ നടന്ന സാധാരണ യോഗത്തിലെ 68-ാം നമ്പർ പ്രകാരം ഫാർമ സിസ്റ്റ് ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് താത്കാലിക ദിവസവേതന അടിസ്ഥാനത്തിൽ **ശ്രീമതി.അഞ്ജു. പി.ആർ** എന്നവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള നിയമനം നടക്കുന്നത് വരെയോ അല്ലെങ്കിൽ ഒരുവർഷത്തേക്കോ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും,ആയതിന്റെ അടിസ്ഥാനത്തിൽ ടിയാൾ 19/12/2024 തിയ്യതിയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാണ് . ശ്രീമതി . അഞ്ജു .പി ആർ എന്നവരെ ഒരു വർഷത്തേക്ക് നിയമിച്ചിട്ടുള്ളതിന്റെ കാലയളവ് 18.12.2025 ന് പൂർത്തീകരിച്ചു. ഫാമിലി ഹെൽത്ത് സെന്ററിന്റെ സുഗമായ പ്രവർത്തിന് ടി ജീവനക്കാരിയെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് / പുതിയ നിയമനം നടപ്പിലാക്കുന്നതു വരോ അല്ലെങ്കിൽ 18.12.2025 മുതൽ ഒരു വർഷത്തേക്കോ തുടരുന്നതിനും തീരുമാനിച്ചു.

73. **വിഷയം (ഫയൽ നമ്പർ - 5631521-2025)**

തൃശ്ശൂർ കോർപ്പനറേഷൻ -അമൃത് -2000 litre water tanker(2) and 5000 litre water tanker (3) എന്നിവ ജെം വഴി വാങ്ങുന്നത് -അംഗീകാരം ലഭിക്കുന്നത് സംബന്ധിച്ചു

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ-AMRUT 1.0ലെ പ്രവൃത്തികളുടെ സേവിങ്സ് തുക ഉപയോഗിച്ച് അഡീഷണൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി അമൃത് മിഷനിൽ നിന്നും നിർദേശം ലഭിച്ചതിനെ തുടർന്നു -360 kld at district hospital -എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും 2000 ലീറ്റർവാട്ടർ ടാങ്കർ (2), 5000 ലീറ്റർവാട്ടർ ടാങ്കർ (3) എന്നിവയുടെ പർച്ചേസ് അഡീഷനൽ പ്രവൃത്തികളായുൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ളതാണ്.അമൃത് സെക്ഷനിൽ നിന്നും ലഭിച്ച സ്പെസിഫിക്കേഷൻ പ്രകാരം ജെം പോർടലിൽ നിന്നും ബിഡുകൾ ലഭ്യമാക്കിയിട്ടുണ്ട്.5 കമ്പനികൾ പങ്കെടുത്തതിൽ

കുറഞ്ഞ നിരക്കായ **8890000/-** ക്വാട്ട് ചെയ്തിട്ടുള്ളത് POPULAR MEGA MOTORS (INDIA) PVT LTD എന്ന സ്ഥാപനമാണ്.POPULAR MEGA MOTORS (INDIA) PVT LTD എന്ന സ്ഥാപനത്തിന്റെ ബിഡ് അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

74. **വിഷയം (ഫയൽ നമ്പർ - 4623755-2025)**

തൃശ്ശൂർ കോർപ്പറേഷൻ - വിൽവട്ടം സോണൽ - വിൽവട്ടം ഷോപ്പിംഗ് കോംപ്ലക്സ് എം സി എഫ് - പദ്ധതി ഡ്രോപ്പ് ചെയ്യുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ 2025-26 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള, എക്സിക്യൂട്ടീവ് എഞ്ചിനീയർ 2 നിർവ്വഹണ ഉദ്യോഗസ്ഥയായ പ്രോ.നം.1372/26 ' തൃശ്ശൂർ കോർപ്പറേഷൻ വിൽവട്ടം സോണൽ 2022-23 വിൽവട്ടം ഷോപ്പിംഗ് കോംപ്ലക്സിന് സമീപം എം സി എഫ് ' എന്ന പ്രോജക്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പ്രാദേശിക തടസ്സപ്പെടുത്തലുകളും പ്രദേശത്തെ താമസക്കാരുടെയും വ്യാപാരികളുടെയും തുടർച്ചയായ പരാതികൾ വിവിധ സർക്കാർ വകുപ്പുകളിലും ഏജൻസികളിലും സമർപ്പിക്കപ്പെട്ട സാഹചര്യവും വിവിധ കാലാവസ്ഥാ സാഹചര്യങ്ങളിൽ സൈറ്റിന്റെ അനുയോജ്യത സംബന്ധിച്ച ഘടകങ്ങളും പരിശോധിച്ചതിൽ നിന്നും എം സി എഫ് നിർമ്മാണ പദ്ധതിക്ക് ഉചിതമായ മറ്റൊരു സ്ഥലം പരിഗണിക്കുന്നതിനും നിലവിലുള്ള പദ്ധതി ഒഴിവാക്കുന്നതിനും നിർവ്വഹണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ മേൽ പ്രവൃത്തി 2025-26 വാർഷിക പദ്ധതിയിൽ നിന്നും ഒഴിവാക്കുന്നതിനും തീരുമാനിച്ചു.

75. **വിഷയം (ഫയൽ നമ്പർ - 2595528-2024)**

തൃശ്ശുർ മുനിസിപ്പൽ കോർപ്പറേ,ൻ -നഗരാസൂത്രണം വിഭാഗം -ശ്രീമതി , സരസ്വതി ,മുക്കളത്ത് വീട്, എന്നവാർക്ക് പട്ടയം ലഭിക്കുന്നതിനുള്ള അപേക്ഷ സംബന്ധിച്ച്

**തീരുമാനം**

1. 1 തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 49 ൽ സീതാറാം മിൽ ക്വാർട്ടേഴ്സ് ബൈ ലൈൻ 3 ലാണ് പ്രസ്തുത സ്ഥലം സ്ഥിതിചെയ്യുന്നത്. അപേക്ഷക 25 വർഷത്തോളമായി അരണാട്ടുക്കര വില്ലേജ്സർവ്വേ നമ്പർ 313/P ൽ നിലവിലുള്ള 49/1331 നമ്പർ വീട്ടിൽ താമസിച്ചു വരുന്നുണ്ട്. വീടിന്റെ 3 ഭാഗത്തു 2.50 M ൽ കുറയാത്ത വീതിയുള്ള മണ്ണ് വഴി കാണപ്പെട്ടുന്നുണ്ടെന്നും, ടി വീടിനോടും വഴിയോടും ചുറ്റപ്പെട്ട് ഏഴോളം കുടുംബങ്ങൾ പുറമ്പോക്കിൽ വർഷങ്ങളായി താമസിച്ചു വരുന്നുന്നതുമാണ്. അപേക്ഷകയുടെ വീടിന്റെ വടക്ക് ഭാഗത്തായി മണ്ണ് വഴി കഴിഞ്ഞു സീതാറാം ക്വാർട്ടസ് കുളം കാണപ്പെടുന്നുണ്ട്.പ്രസ്തുത കുളം മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്, ആയതിന് പുറമേ അംഗീകൃത മാസ്റ്റർപ്ലാനിൽ പ്രസ്തുത സർവ്വേ നമ്പർ റസിഡൻഷ്യൽ സോണിൽ ഉൾപ്പെടുന്നുണ്ടെന്നും, മാസ്റ്റർപ്ലാൻ പ്രകാരം റോഡിനു വൈഡനിങ്ങ് പ്രൊപ്പാസൽ ഇല്ലെന്നും, ഉള്ള ഓഫീസ് റിപ്പോർട്ട് പരിഗണിച്ച് ടി ഭൂമി റവന്യു വകുപ്പിലേക്ക് പുനർ നിക്ഷിപ്തം ചെയ്ത്തു നൽകുന്നതിനുള്ള തുടർ നടപടികൾക്കായി സൂപ്രണ്ടിംഗ് എഞ്ചിനിയറെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

76. **വിഷയം (ഫയൽ നമ്പർ - 928730-2025)**

PC5/928730-2025

**തീരുമാനം**

1. തൈക്കാട്ടുശ്ശേരി ജനകീയ ആരോഗ്യ കേന്ദ്രത്തിനു പുതിയ കെട്ടിടം/താൽക്കാലിക കെട്ടിടം അനുവദിച്ചു നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് സൂപ്രണ്ട് ,CHC ഒല്ലൂർ അപേക്ഷ സമർപ്പിചിട്ടുള്ളതാണ്. 28/07/2025 ലെ ബഹു.ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 18/21-)0 നമ്പർ തീരുമാന പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.ഒല്ലൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റ കീഴിൽ വരുന്ന ഡിവിഷൻ 30 ലെ തൈക്കാട്ടുശ്ശേരി ജനകീയാരോഗ്യ കേന്ദ്രം കെട്ടിടം താമസയോഗ്യമല്ലെന്നുള്ള അസി.എഞ്ചിനീയറുടെ സാക്ഷ്യപത്രം 23/11/2021 ൽ നൽകിയിട്ടുള്ളതും.നിലവിൽ പ്രസ്തുത സ്ഥാപനത്തിലെ രജിസ്റ്ററുകളും,മെഡിസിനും ,മറ്റു സാമഗ്രികളും ഒല്ലൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ വളരെ പരിമിതമായ സ്ഥലത്താണ് സൂക്ഷിച്ചിട്ടുള്ളത്.ആയതിനാൽ തൈക്കാട്ടുശ്ശേരി പ്രദേശത്തെ ജനങ്ങൾക്ക് ലഭ്യമാകേണ്ട സേവനങ്ങൾ ഒല്ലൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ വന്നു സ്വീകരിക്കേണ്ട ഒരു വിഷമസ്ഥിതിയാണ് നിലവിലുള്ളതെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു .ടി വിഷയവുമായി ബന്ധപെട്ടു ബഹു.മേയറുടെ ചേംബറിൽ വച്ച് 21/05/2025 നു യോഗം നടത്തിയിട്ടുള്ളതാണ് . ആയതു പ്രകാരം തൈക്കാട്ടുശ്ശേരി ജനകീയ ആരോഗ്യ കേന്ദ്രത്തിന് താൽക്കാലികമായി തൃശൂർ കോർപ്പറേഷന്റ ഒല്ലൂർ സോണൽ ഓഫീസായി പ്രവർത്തിച്ചു കൊണ്ടിരുന്ന പഴയ കെട്ടിടം നൽകുന്നതിനും , മുൻപ് തൈക്കാട്ടുശ്ശേരി ജനകീയ ആരോഗ്യകേന്ദ്രമായി പ്രവർത്തിച്ചിരുന്ന കെട്ടിടം അറ്റകുറ്റ പണികൾ നടത്തുന്നതിനും സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിനും തീരുമാനിച്ചു.

77. **വിഷയം (ഫയൽ നമ്പർ - 5006378-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ-2025-26 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തിയുടെ ക്വട്ടേഷൻ അംഗീകാരം സംബന്ധിച്ച്

**തീരുമാനം**

1. തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ പൊതുമരാമത്ത് വിഭാഗം അയ്യന്തോൾ സോണൽ ഡിവിഷൻ 51 - 2025-26 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്റ്റ് നമ്പർ S2063/26 നേതാജി ഗ്രൗണ്ട് ഓപ്പൺ ജിം എന്ന പദ്ധതിക്ക് ഏറ്റവും കുറഞ്ഞ നിരക്കിൽ ക്വട്ടേഷൻ സമർപ്പിച്ച ശ്രീ.അഭിജിത്ത്.എം.ആർ എന്നവരുടെ ക്വട്ടേഷൻ അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

78. **വിഷയം (ഫയൽ നമ്പർ - 490775-2025)**

PC5- ഡിവിഷൻ 7 ,ഡിവിഷൻ 54 ലേക്ക് ആശാ പ്രവർത്തകരുടെ നിയമനം സംബന്ധിച്ച് .

**തീരുമാനം**

1. തൃശ്ശൂ കോർപ്പറേഷൻ ഡിവിഷൻ 7 ൽ ആശ വർക്കറുടെ ഒഴിവിലേക്ക് (വിൽവട്ടം ആരോഗ്യകേന്ദ്രം ) നിയമനം നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ബന്ധപ്പെട്ട ഡിവിഷൻ കൌൺസിലർ കത്ത് നൽകിയിട്ടുള്ളതിന്റെയും, ഡിവിഷൻ 54 ൽ ആശാവർക്കറെ നിയമനം നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് മെഡിക്കൽ ഓഫീസർ (I /C),പ്രൈമറി ഹെൽത്ത് സെന്റർ ,അയ്യന്തോൾ എന്നവരുടെ അപേക്ഷയുടെയും അടിസ്ഥാനത്തിൽ ആശ വർക്കറുടെ നിയമനവുമായി ബന്ധപ്പെട്ട് പത്രപരസ്യം നൽകിയതിന്റ അടിസ്ഥാനത്തിൽ 1) ശ്രീലക്ഷ്മി കെ,ബി ,അയ്യന്തോൾ ഹൌസ്,അയ്യന്തോൾ 2 )വൈഷ്ണവി കെ ബി,കേളം പറമ്പിൽ ഹൌസ്,പള്ളിമൂല 3) നിമ്മി യു നായർ ,മരതൂർ കളത്തിൽ ഹൌസ് , അയ്യന്തോൾ , എന്നിവരുടെ അപേക്ഷ പരിഗണിക്കുന്നതിന് തീരുമാനിച്ചു.

79. **വിഷയം (ഫയൽ നമ്പർ - 2776788-2025)**

തൃശ്ശൂർ കോർപ്പറേഷൻ ആരോഗ്യ വിഭാഗം- പി എച്ച 5 -തൃശ്ശൂർ നഗരത്തിലെ സമഗ്ര അഴുക്കുചാൽ പദ്ധതിയുമായി ബന്ധപ്പെട്ട കത്തിന്മേൽ തുടർനടപടി സ്വീകരിക്കേണ്ടത് - സംബന്ധിച്ച്.

**തീരുമാനം**

1. ഡോ . പി പി ശിവൻ " പുതിയ കേരളം " എന്ന പദ്ധതി സമർപ്പിച്ച ചില നിർദ്ദേശങ്ങളിൽ 6-ാം ക്രമ നമ്പർ പ്രകാരം തൃശ്ശൂർ നഗരത്തിൽ അഴുക്കുചാൽ പദ്ധതിയുടെ കൂടുതൽ വികസനം നടപ്പാക്കുന്നതിനുള്ള നിർദേശം ഉൾപ്പെട്ടിട്ടുണ്ട് ജോയിന്റ് ഡയറക്ടർ ഓഫീസ് മുഖേനെ സർക്കാരിൽ നിന്നും ലഭ്യമായ 23/05/2025 തിയ്യതി, CMO 25008525/CMC C/2025 നമ്പർകത്ത് ഹെൽത്ത് സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനക്കായി സമർപ്പിച്ചിട്ടുള്ളതാണ് . ടി വിഷയത്തിന്റെ തുടർ നടപടികൾ പൊതുമരാമത്ത് കമ്മിറ്റിയും ക്ലീൻ സിറ്റി മാനേജറെരും പരിശോധിച്ച് റിപ്പോർട്ട് കൌൺസിൽ മുൻപാകെ ലഭ്യമാക്കുന്നതിന് തീരുമാനിച്ചു.

80. **വിഷയം (ഫയൽ നമ്പർ - 1591008-2025)**

എം.ജി. റോഡ് വികസനം - ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി സ്വകാര്യ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന വ്യാപാരികളെ പുനരധിവസിപ്പിക്കുന്നത് - സംബന്ധിച്ച്

**ചർച്ച**

Shaju Kundoly വാർഡ് - 53 (വിയോജിച്ചു):

അജണ്ടയിൽ എഗ്രിമെന്റ് വെച്ച ശേഷം മാത്രം പുനരധിവാസം നൽകുക (3 കക്ഷികളും )

M L Rosy വാർഡ് - 19 (വിയോജിച്ചു):

അജണ്ടയിൽ എഗ്രിമെന്റ് വെച്ച ശേഷം മാത്രം പുനരധിവാസം നൽകുക (3 കക്ഷികളും )

Sindhu Thaikkadan വാർഡ് - 8 (വിയോജിച്ചു):

അജണ്ടയിൽ എഗ്രിമെന്റ് വെച്ച ശേഷം മാത്രം പുനരധിവാസം നൽകുക (3 കക്ഷികളും )

Adv Anees Ahammad T A വാർഡ് - 14 (വിയോജിച്ചു):

അജണ്ടയിൽ എഗ്രിമെന്റ് വെച്ച ശേഷം മാത്രം പുനരധിവാസം നൽകുക (3 കക്ഷികളും )

Smitha Aneesh വാർഡ് - 26 (വിയോജിച്ചു):

അജണ്ടയിൽ എഗ്രിമെന്റ് വെച്ച ശേഷം മാത്രം പുനരധിവാസം നൽകുക (3 കക്ഷികളും )

Sowmya Pradeesh വാർഡ് - 16 (വിയോജിച്ചു):

അജണ്ടയിൽ എഗ്രിമെന്റ് വെച്ച ശേഷം മാത്രം പുനരധിവാസം നൽകുക (3 കക്ഷികളും )

Jees George വാർഡ് - 20 (വിയോജിച്ചു):

അജണ്ടയിൽ എഗ്രിമെന്റ് വെച്ച ശേഷം മാത്രം പുനരധിവാസം നൽകുക (3 കക്ഷികളും )

Dr Keerthana Karthikeyan വാർഡ് - 30 (വിയോജിച്ചു):

അജണ്ടയിൽ എഗ്രിമെന്റ് വെച്ച ശേഷം മാത്രം പുനരധിവാസം നൽകുക (3 കക്ഷികളും )

Limna Manoj വാർഡ് - 32 (വിയോജിച്ചു):

അജണ്ടയിൽ എഗ്രിമെന്റ് വെച്ച ശേഷം മാത്രം പുനരധിവാസം നൽകുക (3 കക്ഷികളും )

P Sukumaran വാർഡ് - 39 (വിയോജിച്ചു):

അജണ്ടയിൽ എഗ്രിമെന്റ് വെച്ച ശേഷം മാത്രം പുനരധിവാസം നൽകുക (3 കക്ഷികളും )

Sijith M S വാർഡ് - 41 (വിയോജിച്ചു):

അജണ്ടയിൽ എഗ്രിമെന്റ് വെച്ച ശേഷം മാത്രം പുനരധിവാസം നൽകുക (3 കക്ഷികളും )

**തീരുമാനം**

1. വിഷയം വിശദമായി ചർച്ച ചെയ്തു. എം.ജി.റോഡിൽ ശ്രീമതി.തങ്കമ്മ ലോറൻസിന്റെ ഉടമസ്ഥതയിൽ ഉള്ള ഭൂമിയിൽ നിന്നും സ്ഥലം ഏറ്റെടുപ്പ് ആവശ്യമായി വരുന്നതിനാൽ അവിടെ നിർമ്മിച്ചിട്ടുള്ള കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന വ്യാപാര സ്ഥാപനങ്ങളായ ട്രസ്റ്റ് മെഡിക്കൽസ്, മൂക്കൻസ് മെഡിക്കൽസ് എന്നിവയെ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഉള്ള എ.എം.പരമൻ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സിൽ വാടകയ്ക്ക് കട മുറികൾ അനുവദിക്കണമെന്നുള്ള കക്ഷികളുടെ ആവശ്യം പരിഗണിച്ചതിൽ താഴെ പറയുന്നത് പ്രകാരം തീരുമാനം എടുത്തിരുന്നു
എം.ജി. റോഡ് പടിഞ്ഞാറേകോട്ടയിൽ നിന്ന് പാറയിൽ ജംഗ്ഷൻ വരെ ഒന്നാം ഘട്ടവും, പാറയിൽ ജംഗ്ഷൻ മുതൽ നടുവിലാൽ വരെ രണ്ടാം ഘട്ടവും വീതികൂട്ടുന്ന പ്രവർത്തനമാണ് തീരുമാനിച്ചിട്ടുള്ളത്. രണ്ട് ഘട്ടത്തിലെയും റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി പൂർണ്ണമായോ ഭാഗികമായോ ഭൂമി നഷ്ടപ്പെടുന്ന കക്ഷികൾ വ്യത്യസ്ത നിലപാടുകൾ ആണ് സ്വീകരിച്ചിട്ടുള്ളത്. ചിലർ സൗജന്യമായി ഭൂമി വിട്ടു നൽകിയിട്ടുണ്ട്. രണ്ടാമത്തെ വിഭാഗം നിർമ്മാണ പ്രവർത്തനവുമായി എഗ്രിമെന്റ് വെച്ച് വീതി കൂട്ടുന്നതിന് ഭൂമി മാറ്റി ഇട്ടിട്ടുണ്ട്. മൂന്നാമത്തെ വിഭാഗം പാക്കേജ് പ്രകാരം അംഗീകരിച്ചിട്ടുണ്ട്. നാലാമത്തെ വിഭാഗം ഭൂമിയ്ക്ക് വില ലഭിക്കണമെന്ന് അവകാശപ്പെട്ടിട്ടുണ്ട്. ഇതിൽ നാലാമത്തെ വിഭാഗത്തിൽപ്പെട്ട ശ്രീമതി.തങ്കമ്മ ലോറൻസിന്റെ 50.58 സ്വകയർ മീറ്റർ വരുന്ന ഭൂമി കോർപ്പറേഷന് വിട്ടു നൽകാൻ തയ്യാറാണ്. എന്നാൽ ടി ഭൂമിയിൽ കച്ചവടം ചെയ്തു വരുന്ന ട്രസ്റ്റ് മെഡിക്കൽസ്,

മൂക്കൻസ് മെഡിക്കൽസും തങ്കമ ലോറൻസും തമ്മിൽ സിവിൽ കേസ് നിലവിലുണ്ടെന്നും പ്രസ്തുത സ്ഥാപനങ്ങൾക്ക് കച്ചവടത്തിനായി നഗരസഭ സ്ഥലം അനുവദിച്ചാൽ കേസ് പിൻവലിക്കാനും ഒഴിഞ്ഞു പോകാനും സമ്മതം അറിയിച്ചിട്ടുള്ളതാണ്.

എന്നാൽ തങ്കമ്മ ലോറൻസും മേൽപ്പറഞ്ഞ സ്ഥാപനങ്ങളും തമ്മിലുള്ള കേസ് തീരുമാനമാകുന്നതുവരെ എം.ജി. റോഡിന്റെ വികസനം മാറ്റിവെയ്ക്കാൻ കഴിയില്ല എന്നതുകൊണ്ട് സ്ഥാപനങ്ങൾക്ക് തൃശൂർ കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഉള്ള എ.എം.പരമൻ മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സിൽ മെഡിക്കൽ സ്റ്റോർ നടത്തുന്നതിന് ഗ്രൗണ്ട് ഫ്ളോറിലെ റൂം നമ്പർ 18, 19, 20 എന്നിവ അനുവദിക്കാൻ 29/03/2025 തിയ്യതി യിലെ 26/1 നമ്പർ കൗൺസിൽ തീരുമാനിച്ചു. തങ്കമ്മ ലോറൻസ് ടി സ്ഥാപനക്കാരെ ഒഴിവാക്കിയാൽ സൗജന്യമായി ഭൂമി വിട്ടു നൽകാമെന്ന് വാക്കാൽ പറഞ്ഞിട്ടുണ്ട്. ഇതിന് വിപരീതമായി പ്രവർത്തിച്ചാൽ രണ്ട് സ്ഥാപനക്കാരേയും മാറ്റി താമസിപ്പിക്കേണ്ട ചിലവ് തങ്കമ്മ ലോറൻസിൽ നിന്നും ഈടാക്കേണ്ടതാണ്.ഇപ്രകാരം വസ്തുതകൾ നിലനിൽക്കേ തങ്കമ്മ ലോറൻസിന്റെ വാടാക്കക്കാരിൽ ഓരാളായ ട്രസ്റ്റ് മെഡിക്കൽസ് ബഹു. ഹൈക്കോടതിയിൽ കേസ് സമർപ്പിക്കുകയും 27/11/2025 ലെ വിധി പ്രകാരം ഒരു മാസത്തിനകം പരാതിക്കാരന് മുറി കൈമാറുന്നതിന് നിർദ്ദേശിച്ച് ഉത്തരവായിട്ടുള്ളതായിരുന്നു.അത് അനുസരിച്ച് ടി വിഷയത്തിൽ തീരുമാനമാകുന്നതവരെ താൽകാലികമായി മുറികൾ മാറ്റിവെച്ചിരുന്നു.എന്നാൽ 27/11/2025 ലെ കോടതി വിധി നടപ്പാക്കിയിട്ടില്ല എന്ന് കാണിച്ച് നിലവിൽ ട്രസ്റ്റ് മെഡിക്കൽസ് എന്ന സ്ഥാപനം ബഹു.ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതും കോടതീയലക്ഷ്യ നടപടികൾക്കായി 13/03/2026 തിയതിയിൽ വിചാരണ വെച്ചിട്ടുള്ളതുമാണ്. ശ്രീമതി. തങ്കമ്മ ലോറൻസ് സ്ഥാപനക്കാരെ ഒഴിവാക്കിയാൽ ഭൂമി സൗജന്യമായി വിട്ടു നൽകാമെന്ന് **വാക്കാലാണ്** പറഞ്ഞിട്ടുള്ളത് എന്നതിന്റെ അടിസ്ഥാനത്തിൽ വസ്തു ഉടമയായ തങ്കമ്മ ലോറൻസിനെ നേരിൽ കേട്ട് ഭൂമി സൌജന്യമായി വിട്ടു നൽകുന്നതിന് രേഖമൂലമുള്ള ഉറപ്പ് നൽകുയാണെങ്കിൽ ട്രെസ്റ്റ് മെഡിക്കൽസിന് നഗരസഭ മാറ്റിയിട്ടിരിക്കുന്ന കടമുറി അനുവദിക്കാമെന്നും അല്ലാത്തപക്ഷം മുറി അനുവദിക്കുവാൻ നിർവാഹമില്ലാ എന്നുള്ള വിവരം ട്രസ്റ്റ് മെഡിക്കൽസിനെ അറിയിക്കുവാനും ഈ വിഷയത്തിൽ ബഹു.ഹൈക്കോടതി മുൻപാകെ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുവാനും തീരുമാനിച്ചു. ഇതിന്റെ തുടർ നടപടികൾക്കായി കോർപ്പറേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

81. **വിഷയം (ഫയൽ നമ്പർ - 5408938-2025)**

PC1- ബഹു. മേയറുടെ മുൻകൂർ അനുമതി സാധൂകരണം- സംബന്ധിച്ച്

**തീരുമാനം**

1. 2025-26 സാമ്പത്തിക വർഷത്തിൽ 1938264/- രൂപ തൃശൂർ കോർപ്പറേഷന് പട്ടിക വർഗ്ഗ ഉപപദ്ധതിക്കായി അനുവദിച്ചിട്ടുള്ളതാണ്. നിലവിൽ ടി തുകകൾക്ക് പദ്ധതികൾ ഒന്നും തന്നെ ഗുണഭോക്താക്കൾ ഇല്ലാത്ത സാഹചര്യത്തിൽ ഏറ്റെടുത്തിട്ടില്ലാത്തതാണ്. നിലവിൽ കോർപ്പറേഷൻ പരിധിയിലെ 9 -ാം ഡിവിഷനിൽ പട്ടിക വർഗ്ഗ വിഭാഗത്തിൽ ഉൾപ്പെട്ട കുടുംബം ഉണ്ടെന്നും കുടുംബ നാഥയുടെ മകന് വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് 2025-26 സാമ്പത്തിക വർഷത്തിൽ തന്നെ ആനുകൂല്യം ലഭ്യമാക്കണമെന്ന് കാണിച്ച് അപേക്ഷക ലഭ്യമാക്കിയ രേഖകൾ

പരിശോധിച്ചതിൽ അപേക്ഷകയുടെ മകനായ ശ്രീഹരി എസ് കരുവന്നൂർ ഹൌസ് എന്ന ഭിന്നശേഷിക്കാരനായ വിദ്യാർത്ഥിക്ക് സ്കോളർഷിപ്പ്,ലാപ് ടോപ്പ്, പഠന മുറി എന്നിവ അനുവദിക്കുന്നതിനും ബഹു മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

82. **വിഷയം (ഫയൽ നമ്പർ - 582052-2025)**

തൃശ്ശൂർ കോർപ്പറേഷൻ -ഹരിത പ്രഖ്യാപനവുമായി ബന്ധപെട്ടു മുൻകൂർ തുക അനുവദിച്ച ബഹു മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ ഹരിത പ്രഖ്യാപനവുമായി **ബന്ധപ്പെട്ട്** സർക്കാർ സ്ഥാപനങ്ങൾ, സ്കൂൾ എന്നിവിടങ്ങളിൽ ഹരിത ബോർഡുകൾ വെക്കുന്നതിന് **മുൻകൂർ തുകയായി** 20,000/- രൂപ ( ഇരുപതിനായിരം രൂപ മാത്രം ) ബഹു മേയറുടെ മുൻകൂർ അനുമതിയുടെ **അടിസ്ഥാനത്തിൽ** സർക്കിൾ - 1 ലെ സീനിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർശ്രീമതി. സരിത.കെ എന്നവർക്ക് അനുവദിച്ചിട്ടുള്ളതാണ്. 20,000/- രൂപ അനുവദിക്കുന്നതിനും ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

83. **വിഷയം (ഫയൽ നമ്പർ - 983362-2026)**

ED1-4717/20 ELECTRIC VEHICLE CHARGING STATION REG

**തീരുമാനം**

1. ബഹു.കൌൺസിലിന്റെ 23.10.2025 തീയതിയിൽ നടന്ന അടിയന്തിരയോഗത്തിൽ ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിയ്ക്കുന്ന പ്രവർത്തി ചെയ്യുന്നതിനായുള്ള ദർഘാസിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്രേതാവിനെ തിരഞ്ഞെടുക്കുന്നതിലേക്ക് ക്രമനമ്പർ 19 ആയി ED1-4717/20 ഫയൽ പ്രകാരം ഒരു അജണ്ട സമർപ്പിയ്ക്കുകയുണ്ടായി. തുടർന്ന് **ബഹു.കൌൺസിലിന്റെ 23.10.2025 തീയതിയിലെ 19/1 നമ്പർ തീരുമാന**പ്രകാരം "**തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗം 33 kV സബ് സ്റ്റേഷൻ യാർഡിലെ കിഴക്ക് ഭാഗത്ത് ഇലക്ട്രിക് വെഹിക്കിൾ ചാർജ്ജിംഗ് സ്റ്റേഷൻ സ്ഥാപിയ്ക്കുന്ന പ്രവർത്തി 1,931,250/-രൂപ (Incl GST) എസ്റ്റിമേറ്റ് നിരക്കിൽ ഇ ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ M/s Sharify Services Pvt Ltd ന്റെ 5,26,325/- രൂപയുടെ (Incl GST) ടെണ്ടറും നിരക്കും അംഗീകരിക്കുന്നതിന് തീരുമാനിച്ച് നടപടി സ്വീകരിച്ചിട്ടുള്ളതാണ്.** എന്നാൽ ഈ തീരുമാനത്തിൽ നിരക്ക് തെറ്റായാണ് രേഖപ്പെടുത്താനിടയായത്. ദർഘാസ് പ്രകാരം **M/s Sharify Services Pvt Ltd രേഖപ്പെടുത്തിയ തുക 15,26,325/-** രൂപയാണ് (Incl GST). ടി തുക **Clerical അപാകത** മൂലം 5,26,325/- എന്ന് രേഖപ്പെടുത്തിയത് തിരുത്തൽ വരുത്തി **15,26,325/- രൂപ എന്ന് ശരിയായി രേഖപ്പെടുത്തി അനുവദിക്കുന്നതിനും തീരുമാനിച്ചു.**

84. **വിഷയം (ഫയൽ നമ്പർ - 3476599-2025)**

അയ്യന്തോൾ ഗവൺ'മെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ മെയിന്റെനൻസ് പ്രവൃത്തികൾക്ക് പുതിയ പദ്ധതി തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. അയ്യന്തോൾ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ മെയിന്റെനൻസ് അടിയന്തിരമായി നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അയ്യന്തോൾ GVHSS സ്കൂൾ HM സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ 9, 10 ക്ലാസ് കളുടെ ചുവർ പ്ലാസ്റ്ററിങ്ങ് അടർന്നു വീഴുന്നതായും മേൽക്കൂര പല ഭാഗങ്ങളിലും ചോർച്ചയുള്ളതായും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. നിലവിൽ പദ്ധതി ഇല്ലാത്തതിനാൽ പുതിയ പദ്ധതി തയ്യാറാക്കി അംഗീകാരം നേടി മാത്രമേ പ്രവൃത്തി ഏറ്റെടുക്കാൻ കഴിയുകയുള്ളൂ എന്ന് അയ്യന്തോൾ സോണൽ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ആയതിന്മേൽ 17.01.2026 തിയ്യതിയിലെ ബഹു. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 3-ാം നമ്പർ തീരുമാനപ്രകാരം 2025-26 വാർഷിക പദ്ധതി ഭേദഗതി ചെയ്യുന്നതിനുള്ള അവസരം ലഭിക്കുന്ന സമയത്ത് ലഭ്യമായ ഫണ്ടിന് അനുസൃതമായി ഭരണസമിതി തീരുമാനത്തിന് വിധേയമായി പദ്ധതി ഏറ്റെടുക്കാവുന്നതാണെന്നും, ഫണ്ട് തികയാതെ വരുന്ന പക്ഷം 2026-27 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണെന്നും മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.അയ്യന്തോൾ സോണൽ അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ 5,78,000/- രൂപയുടെ എസ്റ്റിമേറ്റ് അനുവദിക്കുന്നതിനും തീരുമാനിച്ചു.

85. **വിഷയം (ഫയൽ നമ്പർ - 5357826-2025)**

പനംകുറ്റിച്ചിറകുളം നവീകരണം -പുറമ്പോക്ക് കയ്യേറ്റം ഒഴിവാക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. AMRUT 2.O - 128 projects for Water Body Rejuvenation Sector approved under Tranche II & III , and 65 projects for Parks and Green Spaces Development, approved under the Tranche III -LOCAL SELF GOVERNMENT (DC) DEPARTMENT- G.O.(Rt)No.795/2025/LSGD Dated, Thiruvananthapuram, 25-03-2025 ഓർഡർ പ്രകാരം സീരിയൽ നമ്പർ 89 - ൽ തൃശ്ശൂർ കോർപ്പറേഷൻ ഒല്ലൂർ സോണൽ ഡിവിഷൻ 29 ലെ പനംകുറ്റിച്ചിറ കുളം REJUVENATE ചെയ്യുന്നതിന് വേണ്ടി ഒരു കോടി രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്. കുളത്തിന്റെ തെക്കുഭാഗത്തെ സംരക്ഷണ ഭിത്തിക്ക് ബലക്കുറവ് ഉള്ളതിനാൽ പൊളിച്ചു നീക്കി പുതുക്കുന്നതിനാണ് പദ്ധതി പ്രകാരം ആദ്യമായി ഉദ്ദേശിക്കുന്നത്. കുളത്തിന്റെ സൗന്ദര്യവൽക്കരണത്തിനും പൊതുജനങ്ങൾക്ക് പ്രവേശനം നൽകുന്നതിനുമായി കുളത്തിന്റെ വടക്കുഭാഗത്ത് നിർമ്മിച്ചിരിക്കുന്നതുപോലെ കുളത്തിന്റെ തെക്കുഭാഗത്തും ടൈൽ ചെയ്ത റോഡ് നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ആയതിനായി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് ( PRICE estimate ID:- **[ LSGD/CELSGD/EST/100111/2025_5_1_1 ].** തെക്കുഭാഗത്ത് നിർമ്മാണ പ്രവർത്തികൾക്കായി പ്രവേശിക്കുന്ന ഭാഗത്ത് ടി. പുറമ്പോക്ക് ഭൂമിയിൽ കൃഷ്ണൻ

കാവിൽ വീട്, വീട്ടുനമ്പർ 29/491 ൽ ഉള്ള കെട്ടിടം നിൽക്കുന്നുണ്ട്. താമസക്കാരെയും കാണുവാൻ സാധിക്കുന്നുണ്ട് കുളത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി യന്ത്ര സജ്ജീകരണവും നിർമ്മാണത്തിന് ഉപയോഗിക്കുന്ന സാധന സാമഗ്രികളും സൈറ്റിലേക്ക് എത്തിക്കുന്നതിനും കുളം പുറംപോക്കിലെ മേൽ കെട്ടിടം ഒഴിവാക്കേണ്ടതുണ്ട്. സ്ഥലം കുളത്തിനോട് അനുബന്ധിച്ച കോർപ്പറേഷൻ പുറമ്പോക്ക് സ്ഥലം ആയി പരിഗണിക്കേണ്ടിവരും. എന്നാലേ കുളത്തിന്റെ നവീകരണ പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. വില്ലേജ് ഓഫീസ് രേഖകളിൽ നിന്നും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ കുളത്തിന്റെ തെക്കുഭാഗത്ത് 29/491 നമ്പർ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം "കുളം പുറമ്പോക്ക്" എന്നാണ് കാണുന്നത്. ടി വിഷയം വിശദമായി ചർച്ച ചെയ്തിന്റെ അടിസ്ഥാനത്തിൽ പുറമ്പോക്ക് ഭൂമിയിലെ താമസക്കാരെ സംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ട്, ടിയാൻ വില്ലേജ് ഭൂനികുതി അടവാക്കുന്നുണ്ടോ എന്നിവ സംബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒല്ലൂർ സോണൽ അസി. എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിനും ടി വിഷയം അടുത്ത കൌൺസിലേക്ക് പരിഗണിക്കുന്നതിനും തീരുമാനിച്ചു.

86. **വിഷയം (ഫയൽ നമ്പർ - 26281-2025)**

**തൃശൂർ കോർപ്പറേഷൻ -റവന്യൂ വിഭാഗം -ഒറ്റത്തവണ തീർപ്പാക്കൽ ആനുകൂല്യം അനുവദിച്ചു നൽകുന്നതു സം ബന്ധിച്ച്**

**തീരുമാനം**

1. **തൃശ്ശൂർ നഗരസഭ വക ചേറൂർ രാമനിലയം ജംഗ്ഷൻ** ഷോപ്പിങ് കോംപ്ലക്സ് 21 നംബർ കടമുറിയുടെ ലൈസൻസിയായിരുന്ന ശ്രീ T P ചാക്കുണ്ണി എന്നവർ , ടി മുറിക്ക് വാടക കുടിശ്ശിക വരുത്തിയത്തിനെ തുടർന്ന് നഗരസഭ മുറി പൂട്ടി കസ്റ്റഡിയിൽ എടുത്തിട്ടുള്ളതും റവന്യൂ റിക്കവറി നടപടികൾക്കായി ബഹു. ജില്ലാ കളക്ടർ ക്ക് അയച്ചുനല്കിയിട്ടുള്ളതുമാണ് .കുടിശ്ശിക തുക ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം അടവാക്കുന്നതിന് അനുവദിക്കണമെന്നും ,ഏതെങ്കിലും വിധത്തിലുള്ള ഇളവ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ടിയാൻ സമർപ്പിച്ചിട്ടുള്ള അപേക്ഷ കൌൺസിൽ വിശദമായി ചർച്ച ചെയ്തു. ടിയാന്റെ അവസ്ഥകൾ കണക്കിലെടുത്ത് മാനുഷിക പരിഗണനവെച്ച് താൽകാലികമായി വാടക തുക മാത്രം ഈടാക്കുന്നതിനും പിഴപലിശ ഒഴിവാക്കുന്ന വിഷയം സർക്കാർ അനുമതിക്കായി കത്ത് അയക്കുന്നതിനും സർക്കാർ തീരുമാനത്തിന് വിധേയമായി തീരുമാനിച്ചു.ടിയാൻെ റവന്യു റിക്കവറി നടപടികളിൽ നിന്ന് ഒഴിവാക്കുന്നതിനും തീരുമാനിച്ചു.

87. **വിഷയം (ഫയൽ നമ്പർ - 1308991-2024)**

WS2-1308991-2024 തൃശ്ശൂർ കോർപ്പറേഷൻ - ജല വിതരണ വിഭാഗം- AMRUT-2.0 - Improvements to Water supply to at Poomkunnam - and nearby areas Providing FHTCs , Road restorationസംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ - അമൃത് 2.0 യിൽ ഉൾപ്പെട്ടിട്ടുള്ള 5 LL capacity OHSR at poonkunnam എന്ന പ്രവൃത്തിയുടെ Phase I - ന് GO (Rt) 1906/2023 LSGD dtd 26/092023 പ്രകാരവും, Phase I I- ന് GO (Rt) 1899/2023 LSGD dtd 26/092023 പ്രകാരവും അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. എന്നാൽ പൂങ്കുന്നത്ത് 5 ലക്ഷം ലി. ശേഷിയുള്ള ഉന്നതതല ടാങ്ക് നിർമ്മാണം , പമ്പിംങ് മെയിൻ , വി തരണ ശൃംഖല സ്ഥാപിക്കൽ എന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് , പദ്ധതി പ്രദേശത്തിന്റെ വിസ്തീർണ്ണം കുറവായതിനാൽ ടാങ്കിന്റെ ശേഷി 1 ലക്ഷം ലി. നിജപ്പെടുത്തി KWA മാറ്റം വരുത്തിയിട്ടുള്ളതാണ്. ആയത് പ്രകാരം പുതുക്കിയ DER ന് 15/09/25 ലെ 39/1 നം കൌൺസിൽ തീരുമാന പ്രകാരം Phase I - Phase I I എന്നിവ സംയോജിപ്പിക്കുന്നതിനും, ടി പ്രവൃത്തി 1 LL ക്ക് നിജപ്പെടുത്തി Amrut 2.0- Thrissur Corporation - Construction of 1LL capacity OHSR at Poonkunnam including Transmission main Pump set Distribution main & Providing FHTCs എന്ന പേരിലേക്ക് മാറ്റുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്.16.01.2025 തീയതിയിൽ ബഹു ഡെപ്യൂട്ടി മേയറുടെ അദ്ധ്യക്ഷതയിൽ ചേർന്ന AMRUT വാട്ടർ സപ്ലൈ പദ്ധതികളുടെ അവലോകന യോഗത്തിന്റെയും, സംയുക്ത സ്ഥല പരിശോധനയുടെയും അടിസ്ഥാനത്തിൽ , KWA-EE യുടെ 23/01/2026 ലെ എ6/2095/2022 നം കത്ത് പ്രകാരം ഈ പ്രവൃത്തിയുടെ പുതുക്കിയ ഡി ഇ ആർ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.ആയത് പ്രകാരം ഈ പ്രവൃത്തിയിൽ മാറ്റങ്ങൾ വരുത്തി സ്ഥല പരിമിതി കാരണം ടാങ്ക് ഒഴിവാക്കി Amrut 2.0 - Improvements to water supply to Poonkunnam and nearby areas , Providing FHTC s road restoration എന്ന പേരിൽ പുന: നാമകരണം ചെയ്യുന്നതിനും, Revised AS amount 6.4 കോടി രൂപയുമാക്കുന്നതിനായിട്ടാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത വിഷയം SLTCയിൽ ഉൾപ്പെടുത്തണമെങ്കിൽ അടിയന്തിരമായി ബഹു. മേയറുടെ മുൻകൂർ അനുമതി ലഭ്യമാക്കണമെന്ന് SMMU വിൽ നിന്നും അറിയിച്ചിട്ടുണ്ടെന്ന് അമൃത് വിഭാഗത്തിൽ നിന്നും റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ05/02/2026 ന് ബഹു. മേയർ നൽകിയരുന്ന മുൻകൂർ അനുമതി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

88. **വിഷയം (ഫയൽ നമ്പർ - 5761473-2025)**

PC1 - തൃശൂർ കോർപ്പറേഷൻ ഗവണ്മെന്റ് മോഡൽ ബോയ്സ് സ്കൂളിൽ ശതാബ്ദി ആഘോഷ വിളംബരത്തിനായി തയ്യാറാക്കിയ കോലം പുനർനിർമ്മിക്കുന്നത്-സംബന്ധിച്ച്

**തീരുമാനം**

1. തൃശൂർ മോഡൽ ബോയ്സ് ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി ആഘോഷ വിളംബരത്തിന് 1938 ൽ തയ്യാറാക്കിയ കോലം നവീകരിച്ച് സ്കൂൾ കോമ്പൌണ്ടിൽ സ്ഥാപിക്കുന്നതിന് സ്കൂളിന്റെ പൂർവ്വ വിദ്യാർത്ഥി സംഘടന ( MBOSAT) പ്രതിനിധികൾ സ്കൂളിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും, പ്രസ്തുത അപേക്ഷയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾക്കായി പ്രിൻസിപ്പാൾ, ഗവ. മോഡൽ എച്ച്.എസ്.എസ്, തൃശൂർ കത്ത് നൽകിയതിന്റെ അടിസ്ഥനത്തിൽ PTA Executive, 23/10/2025 തിയതിയിൽ ചേർന്ന SMC എന്നിവയുടെ സംയുക്ത യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുകയും, കോർപ്പറേഷൻ അനുവദിക്കുന്ന സ്ഥലത്ത് പൂർവ്വ വിദ്യാർത്ഥി സംഘടനയായ MBOSAT യുടെ ചെലവിൽ കോലം സ്ഥാപിക്കുന്നതിന് വിദ്യാലയത്തിന്റെ പടിഞ്ഞാറ് ഭാഗത്ത് പാലസ് റോഡിലുള്ള പ്രധാന ഗേറ്റ് കടന്ന് വരുമ്പോൾ കാണാവുന്ന തരത്തിൽ പ്രധാന

കെട്ടിടത്തിനോട് ചേർന്ന് ചരിത്ര സ്മാരകമായ കോലം നവീകരിച്ച് സുരക്ഷിതമായി സ്ഥാപിക്കുന്നതിന് തീരുമാനിച്ചു.

89. **വിഷയം (ഫയൽ നമ്പർ - 4965718-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - 2025 ഒക്ടോബർ 9,10 തീയ്യതികളിലായി തൃശ്ശൂർ ടൌൺ ഹാളിൽ വെച്ച് നടത്തിയ വികസന സദസ്സുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ചെലവ് തുക അനുവദിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഒക്ടോബർ 9, 10 തീയ്യതികളിലായി തൃശ്ശൂർ ടൌൺ ഹാളിൽ വെച്ച് നടത്തിയ വികസന സദസ്സുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ ചെലവുകൾക്ക് സർക്കാർ മാർഗ്ഗരേഖ പ്രകാരം കോർപ്പറേഷനുകൾക്ക് 6 ലക്ഷവും തദ്ദേശ സ്വയംഭരണ(എഫ്എം) വകുപ്പിന്റെ 14/09/2025 തീയ്യതിയിലെ 2203/2025/LSGD നമ്പർ ഉത്തരവ് പ്രകാരം വികസന നേട്ടങ്ങൾ ഡോക്യുമെന്റ് ചെയ്യുന്നതിന് 6 ലക്ഷവും ആകെ 12 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. ആയത് പ്രകാരം വികസന സദസ്സുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് ക്വട്ടേഷൻ ക്ഷണിച്ചതിൽ ഏറ്റവും കുറവ് ക്വാട്ട് ചെയ്തിട്ടുള്ള എ.സുധാകരൻ, ആലപ്പാട്ട് വീട്, അരിമ്പൂർ 6 ലക്ഷമായി നിജപ്പെടുത്തി അനുവദിക്കുനതിനും തീരുമാനിച്ചു.

90. **വിഷയം (ഫയൽ നമ്പർ - 2653730-2024)**

തൃശ്ശൂർ കോർപ്പറേഷൻ -uidf വായ്പ ഉപയോഗിച്ചു നിർവ്വഹണം നടത്തുവാൻ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ നിർവ്വഹണം നടത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്ന വിഷയം സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ- National housing bank മുഖേന നടപ്പിലാക്കുന്നതും UIDF -വായ്പ ഉപയോഗിച്ചു നിർവ്വഹണം നടത്തുവാൻ നിർദ്ദേശിച്ചിട്ടുള്ളതുമായ വിവിധ പ്രവൃത്തികൾക്ക് 3 tranche - കളിലായി പ്രൊപ്പോസൽ നല്കിയിട്ടുള്ളതാണ്.UIDF ഫണ്ടിൽ നിന്നും പദ്ധതി അധിഷ്ഠിതമായി ലഭിക്കുന്ന സാമ്പത്തിക സഹായം NHB സംസ്ഥാന സർക്കാരിന് വായ്പയായി അനുവദിക്കുകയും ഈ തുക നഗരസഭയുടെ പ്രോജക്ടിന് സംസ്ഥാന സർക്കാർ മുഖേന ലഭിക്കുകയും വായ്പ തുകയും പലിശയും ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം തിരിച്ചു പിടിക്കുന്നതുമാണ്. ലോണിന്റെ തുകയും പലിശയും വികസന ഫണ്ടിൽ നിന്നും തിരിച്ചടക്കേണ്ടതാണെന്നും പ്രൊജക്ടിന്റെ മാർജിൻ ഷെയർ 10% ഉം O & M ഉം കോർപ്പറേഷൻ വഹിക്കാൻ 30/04/25 ൽ ചേർന്ന ബഹു കൗൺസിൽ 63/1 ാം നമ്പറായി തീരുമാനിച്ചിട്ടുള്ളതാണ്.

TRANCHE-1

B. Restoration of natural water resource by protecting natural drains-side wall construction at Kotteppadam എന്ന പ്രവൃത്തിക്കു ഭരണാനുമതി ലഭിച്ചതിനെ തുടർന്ന്

പദ്ധതി നിർവ്വഹണം 50% കഴിഞ്ഞിട്ടുള്ളതാണ് .

91. **വിഷയം (ഫയൽ നമ്പർ - 6335736-2025)**

KERALA URBAN CONCLAVE 2025 ന്റെ ഭാഗമായി സ്റ്റാളുകൾ സജ്ജമാക്കുന്നതിന് മുൻകൂർ തുക അനുവദിച്ചത് സാധൂകരിക്കുന്നതും ചെലവു തുക അംഗീകരിക്കുന്നതും സംബന്ധിച്ച്

**തീരുമാനം**

1. KERALA URBAN CONCLAVE 2025 ന്റെ ഭാഗമായി സ്റ്റാളുകൾ സജ്ജമാക്കുന്നതിന് ഒല്ലൂക്കര സോണൽ അസ്സിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിക്കൊണ്ട് ബഹു.മേയർ 03.09.2025 തീയതിയിൽ മുൻകൂർ അനുമതി നൽകുകയും ആയതിന്റെയടിസ്ഥാനത്തിൽ ഒല്ലൂക്കര സോണൽ അസ്സിസ്റ്റന്റ് എഞ്ചിനീയർ ശ്രീ ധനീഷ് ടി എം ന് നിർദേശ പ്രകാരമുള്ള ക്രമീകരണങ്ങൾ നിർവ്വഹിക്കുന്നതിനായി തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറിയുടെ 03.09.2025 തീയ്യതിയിലെ നടപടിക്രമം പ്രകാരം 5,00,000/- രൂപ തനതുഫണ്ടിൽ നിന്നും മുൻകൂർ അനുവദിച്ചിട്ടുള്ളതുമാണ്. 11.09.2025 മുതൽ 15.09.2025 വരെ പ്രദർശന നഗരിയിൽ തൃശ്ശൂർ കോർപ്പറേഷന്റെ സ്റ്റാൾ ഒരുക്കുകയും, തൃശ്ശൂർ കോർപ്പറേഷന്റെ വികസന പ്രവർത്തനങ്ങൾ തൃശ്ശൂർ കോർപ്പറേഷൻ സ്റ്റാളിൽ പ്രദർശിപ്പിക്കുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായി 3,65,951/- രൂപ ചെലവായിട്ടുള്ളതും ബാക്കി തുകയായ 1,34,049/- രൂപ 17/11/2025 തിയതിയിലെ RCO80160 - 25116794, 02/02/2026 തിയതിയിലെ RCO80160 - 25144683 എന്നീ receipt കൾ പ്രകാരം തിരികെ അടവാക്കിയിട്ടുള്ളതുമാകുന്നു.ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

92. **വിഷയം (ഫയൽ നമ്പർ - 2038120-2024)**

തൃശ്ശൂർ കോർപ്പറേഷൻ- മരാമത്ത് വിഭാഗം-പുലിക്കളി മഹോത്സവം 2024 നോടനുബന്ധിച്ച് നെഹ്റു പാർക്കിലെ അപകടകരമായി സ്ഥിതി ചെയ്യുന്ന ചുറ്റുമതിലിന്റെ ഭാഗത്ത് ബാരിക്കേഡുകൾ സ്ഥാപിച്ചതിന് നൽകിയ മുൻകൂർ അനുമതി സാധൂകരണം- സംബന്ധിച്ച്

**തീരുമാനം**

1. 2024 ലെ മഴക്കാലത്ത് നെഹ്റു പാർക്കിനുള്ളിലെ മരങ്ങൾ മറിഞ്ഞു വീണു ചുറ്റു മതിലിന്റെ ഒരു ഭാഗം തകർന്നിട്ടുള്ളതാണ്. പുലികളി കാണുന്നതിന് വളരെയധികം ആളുകൾ ഒത്തു ചേരുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ചുറ്റുമതിലിൽ കയറുന്നതിനും മതിൽ മറിഞ്ഞു വീഴുന്നതിനും അപകടം സംഭവിക്കുന്നതിനും സാധ്യതയുള്ളതിനാൽ ബഹു മേയറുടെ മുൻകൂർ അനുമതി പ്രകാരം ബലക്ഷയമുള്ള 60 മീറ്റർ നീളത്തിൽ മതിലിന്റെ ഇരുവശത്തും പൊതുജനങ്ങൾ കയറാത്ത വിധത്തിൽ ബാരിക്കേഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. അടിയന്തിരമായി ബാരിക്കേഡുകൾ സ്ഥാപിക്കുന്നതിന് ബഹു,മേയറുടെ മുൻകൂർ അനുമതി പ്രകാരം ലഭ്യമാക്കിയ ഹാൻഡ്

ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ പോൾസൺ എം.ഒ എന്നവരുടെ ക്വട്ടേഷൻ ബഹു,മേയർ മുൻകൂർ അംഗീകാരം നല്കിയിട്ടുള്ളതുമാണ്. ബഹു.മേയറുടെ മുൻകൂർ അനുമതികൾ സാധൂകരിക്കുന്നതിനും, പ്രവൃത്തിയുടെ തുക RS-47820/- കരാറുകാരന് ടി തുക അനുവദിക്കുന്നതിനും തീരുമാനിച്ചു.

93. **വിഷയം (ഫയൽ നമ്പർ - 6804082-2025)**

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ - വ്യവഹാര വിഭാഗം - കോർപ്പറേഷൻ ഓഫീസിൽ ലീഗൽ സെൽ സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിക്കുന്നത് - സംബന്ധിച്ച്.

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ കക്ഷിയായി നിലവിൽ ബഹു. ഹൈക്കോടതിയിൽ 635 കേസുകളും ബഹു. ജില്ലാ- മുൻസിഫ് കോടതികളിൽ 750 കേസുകളും പെന്റിംഗ് ആണ്. കേസുകളുടെ ബാഹുല്യം നിമിത്തം കോർപ്പറേഷന്റെ വാദം യഥാസമയം കേസ് നടത്തിപ്പിനായി ചുമതലപ്പെടുത്തിയിട്ടുള്ള സ്റ്റാൻഡിംഗ് കൌൺസൽ മുഖാന്തിരം ബന്ധപ്പെട്ട കോടതികളെ അറിയിക്കുന്നതിൽ പ്രയാസം നേരിടുന്ന സാഹചര്യമുണ്ട്. കോർപ്പറേഷന്റെ വാദം ബന്ധപ്പെട്ട കോടതികളെ യഥാവിധി അറിയിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ടി. കേസുകളിൽ കോർപ്പറേഷന്റെ താൽപര്യങ്ങളെ പ്രതികൂലമായി ബാധിക്കുന്ന രീതിയിൽ ബന്ധപ്പെട്ട കോടതികൾ വിധിന്യായം പുറപ്പെടുവിക്കുന്നതിനുള്ള സാധ്യതയുണ്ട്. മേൽ പരാമർശിച്ച സാഹചര്യങ്ങൾ കണക്കിലെടുത്ത് കോർപ്പറേഷനുകളിലെ കേസുകളിലെ നടത്തിപ്പുമായി ബന്ധപ്പെട്ട് യഥാവിധി നിരീക്ഷണം നടത്തി കോർപ്പറേഷൻ സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളെ അറിയിച്ച് കാലവിളംബം കൂടാതെ നടപടി സ്വീകരിക്കുന്നതിന് പിന്തുണ നൽകുന്നതിനായി ഒരു സംവിധാനം കോർപ്പറേഷനിൽ സൃഷ്ടിക്കേണ്ട ആവശ്യകതയുണ്ട്. ആയതിലേയ്ക്ക് നിയമബിരുദവും പ്രവൃത്തിപരിചയവും യോഗ്യതയായി പരിഗണിച്ച് ഒരു ലോ ഓഫീസറുടെയും, നിയമബിരുദം യോഗ്യതയായി പരിഗണിച്ച് ഒരു ലീഗൽ അസിസ്റ്റന്റിന്റെയും തസ്തിക (കരാർ അടിസ്ഥാനത്തിൽ) കോർപ്പറേഷനിൽ സൃഷ്ടിക്കുന്നതിന് സർക്കാർ അനുമതിക്കായി സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

94. **വിഷയം (ഫയൽ നമ്പർ - 843963-2024)**

തൃശ്ശൂർ കോർപ്പറേഷൻ - ഡിവിഷൻ 35 - ഗോൾഡൻ മാർക്കറ്റിന്റെ ഉദ്ഘാടന വേളയിൽ തോടിന് കുറുകെ കാർ പാർക്കിങ്ങിൽ നിന്നും ജനങ്ങൾക്ക് വന്നു പോകുന്നതിനു താല്കാലികമായി നടപ്പാലം നിർമ്മിച്ചതിന്റെ തുക അനുവദിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 35 - പട്ടാളം റോഡിലെ തെരുവ് കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിന് വേണ്ടി തയ്യാറാക്കിയ ഗോൾഡൻ ഫ്ലീ മാർക്കറ്റിന്റെ ഉദ്ഘാടന വേളയിൽ തോടിന് കുറുകെ കാർ പാർക്കിങ്ങിൽ നിന്നും ജനങ്ങൾക്ക് വരുവാനും പോകുന്നതിനുമുള്ള സൗകര്യത്തിനായി താല്ക്കാലികമായി നടപ്പാലം നിർമ്മിച്ചതിന്റെ ബിൽ തുക അനുവദിക്കുന്നതിന് വേണ്ടി ശ്രീ.പി.എസ് ബാബു, പുത്തൻവീട്ടിൽ വീട്,

പറവട്ടാനി എന്നവർ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ടി പ്രവൃത്തി നിർവ്വഹണം നടത്തിയ സമയത്തെ അസി.എഞ്ചിനീയർ സ്ഥലം മാറി പോയിട്ടുള്ളതിനാൽ ശ്രീ.പി.എസ്.ബാബുവിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ അന്നത്തെ സൂപ്രണ്ടിങ്ങ് എഞ്ചിനീയർ ശ്രീമതി ശ്രീലത പി.ആർ ന്റെ നിർദ്ദേശ പ്രകാരം, സ്ഥലം മാറിപ്പോയ അസി.എഞ്ചിനീയർക്ക് പ്രവൃത്തിയുടെ വിശദാംശങ്ങൾ സമർപ്പിക്കുവാൻ കത്തു നൽകിയിരുന്നു. ടിയാൻ ലഭ്യമാക്കുന്ന പ്രവൃത്തിയുടെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ നിലവിലുള്ള അസി.എഞ്ചിനീയർ മൂല്യനിർണ്ണയം നടത്തി ശ്രീ.പി.എസ്.ബാബു, പുത്തൻവീട്ടിൽ വീട്, പറവട്ടാനി എന്നവർക്ക് 5,90,000/- രൂപ ( ജി.എസ്.ടി ഉൾപ്പടെ )തുക അനുവദിക്കുന്നതിനും തീരുമാനിച്ചു

95. **വിഷയം (ഫയൽ നമ്പർ - 6258269-2025)**

തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ-മരാമത്ത് വിഭാഗം-കോർപ്പറേഷൻ
കാര്യാലയത്തിലെ എല്ലാ സെക്ഷനുകളിലേയ്ക്കും കുടിവെള്ള സംവിധാനം
ഏർപ്പെടുത്തുന്നത്- സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ മുൻസിപ്പൽ കോർപ്പറേഷൻ കാര്യാലയത്തിലെ എല്ലാ സെക്ഷനുകളിലേയ്ക്കും കുടിവെള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് ബഹു.മേയർ നൽകിയ മുൻകൂർ അനുമതി 24.08.2024 തീയ്യതിയിലെ 24 നമ്പർ കൗൺസിൽ തീരുമാനപ്രകാരം സാധൂകരിച്ച് തീരുമാനിച്ചിട്ടുള്ളതാണ്. മേൽ പ്രവൃത്തിക്കായി കേന്ദ്ര സർക്കാരിന്റെ GeM പോർട്ടൽ നേരിട്ട് നടത്തിയ വാങ്ങൽ പ്രക്രിയ മുഖേന ലഭ്യമായ സ്ഥാപനങ്ങളിൽ ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ R J ENTERPRISES , KOTTAYAM എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ ബഹു. മേയറുടെ മുൻകൂർ അനുമതി പ്രകാരം അംഗീകരിക്കുകയും SELECTION NOTICE നൽകുകയും ചെയ്തിട്ടുള്ളതാണ്. ആയതു പ്രകാരം ടി സ്ഥാപനം Agreement no:5/OWN/EE1/LSGD/2025-26 പ്രകാരം 18/10/2025 തീയ്യതിയിൽ കരാർ ഒപ്പു വച്ചിട്ടുള്ളതും പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും R J ENTERPRISES , KOTTAYAM എന്ന സ്ഥാപനം 7,49,000/- രൂപയുടെ ബിൽ സമർപ്പിച്ചിട്ടുള്ളതുമാണ്. ബഹു.മേയർ നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും R J ENTERPRISES , KOTTAYAM തുക അനുവദിക്കുന്നതിനും തീരുമാനിച്ചു.

96. **വിഷയം (ഫയൽ നമ്പർ - 1058675-2026)**

ED1-2697/13

**തീരുമാനം**

1. തൃശൂർ കോർപറേഷൻ ജനറൽ സെക്ഷന്റെ ആവശ്യത്തിനായി സ്ഥാപിച്ചിട്ടുള്ള 125kVA ജനറേറ്ററിലേക്ക് ഇന്ധനം വാങ്ങിയ ഇനത്തിൽ 2023,2024,2025 SEPTEMBER വരെ 552680/-രൂപ വൈദ്യുതി വിഭാഗത്തിൽ നിന്നും ചിലവ് ചെയ്തിട്ടുണ്ട്, വൈദ്യുതി വിഭാഗത്തിന്റെതല്ലാത്ത A&G ചിലവുകൾക്ക് KSERC അംഗീകാരം ലഭിക്കാത്തതിനാൽ ടി ചിലവ് തടസ്സപ്പെടുത്തുന്ന സാഹചര്യത്തിൽ ജനറൽ സെക്ഷന്റെ മാത്രം ഉപയോഗത്തിലുള്ള ജനറേറ്ററിന് ഇന്ധനം വാങ്ങുന്നതിന് ജനറൽ വിഭാഗം ഫണ്ടിൽ

നിന്നും ടി തുക അനുവദിച്ചു നൽകുന്നതിനും തുടർന്ന് ടി ജനറേറ്ററിന് ഇന്ധനം വാങ്ങുന്നത് ജനറൽ വിഭാഗം ഫണ്ടിൽ നിന്നും തുക നൽകുന്നതിനും തീരുമാനിച്ചു.

97. **വിഷയം (ഫയൽ നമ്പർ - 1242234-2024)**

തൃശ്ശൂർ കോർപ്പറേഷൻ - ഡിവിഷൻ 35 - കുരിയച്ചിറ OWC പ്ലാന്റിൽ HT ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കുന്നതിന് സൂപ്പർവിഷൻ ചാർജ്ജ് ഇനത്തിൽ KSEB യിൽ അടവാക്കുന്നതിന് മുൻകൂർ തുക അനുവദിച്ചത് ക്രമീകരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ ഡിവിഷൻ 35 കുരിയച്ചിറ OWC പ്ലാന്റിൽ HT ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കുന്നതിന് സൂപ്പർവിഷൻ ചാർജ്ജ് ഇനത്തിൽ 9260/- (ഒമ്പതിനായിരത്തി ഇരുന്നൂറ്റി അറുപത്) രൂപ തൃശ്ശൂർ കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 17/07/2025 തീയ്യതിയിലെ സൂചന ഉത്തരവ് പ്രകാരം മുൻകൂറായി തൃശ്ശൂർ കോർപ്പറേഷൻ ഈസ്റ്റ് സോണൽ അസി.എഞ്ചിനീയർ ശ്രീമതി ഹിത പോളിന് അനുവദിക്കുകയും ആയത് പ്രകാരം ടി തുക KSEB കുരിയച്ചിറ സെക്ഷൻ ഓഫീസിൽ അടവാക്കിയിട്ടുള്ളതുമാണ്. തുക അടവാക്കിയതിന്റെ വിവരങ്ങൾ അസി.എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളത് ബഹു.ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 22/01/2026 തീയ്യതിയിലെ 45 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച് ക്രമീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ് .ബഹു. മേയറുടെ മുൻകൂർ അനുവദിച്ച തുക ക്രമീകരിക്കുന്നതിനും തീരുമാനിച്ചു.

98. **വിഷയം (ഫയൽ നമ്പർ - 2509787-2024)**

തൃശൂർ മുനിസിപ്പൽ കോർപറേഷൻ -കുടുംബശ്രീ വിഭാഗം -കുടിവെള്ള ഗുണമേന്മ പരിശോധന പ്രവർത്തിക്കുവേണ്ടി തിരഞ്ഞെടുത്ത 2 അയൽകൂട്ട അംഗങ്ങൾ സമർപ്പിച്ച കരാർ പുതുക്കുന്നതു സംബന്ധിച്ച്

**തീരുമാനം**

1. തൃശൂർ മുനിസിപ്പൽ കോർപറേഷനിലെ കുടിവെള്ള ഗുണമേന്മ പരിശോധന പ്രവർത്തിക്കുവേണ്ടി തിരഞ്ഞെടുത്ത 2 അയൽകൂട്ട അംഗങ്ങൾ സമർപ്പിച്ച 1 വർഷ കരാർ കാലാവധി 19-08-2025 ന് അവസാനിച്ചിട്ടുള്ളതിനാൽ കരാർ നിയാമാനുസൃതം 1വർഷത്തേക്ക് പുതുക്കി നൽക്കുന്നതിനും തീരുമാനിച്ചു.

99. **വിഷയം (ഫയൽ നമ്പർ - 844118-2024)**

തൃശ്ശൂർ കോർപ്പറേഷൻ - അമൃത് വിഭാഗം കരാർ ജീവനക്കാരുടെ സേവന കാലാവധി നീട്ടി നൽകുന്നത് - സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷനിലെ അമൃത് വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയർ പൂർണിമ ചന്ദ്രൻ, ഓവർസീയർമാരായ

സ്നേഹ.കെ.എസ്, സിജ.പി.എസ് എന്നിവരുടെ കരാർ കാലാവധി **2026 മാർച്ച് 31 നു** അവസാനിക്കുകയായാണ്.അമൃത് 1.0 പദ്ധതിയുടെ ക്ലോഷർ ഡോക്യുമെന്റുകൾ തയ്യാറാക്കുന്നതിനും, അക്കൌണ്ട് റീക്കൻസീലിയേഷൻ നടത്തുന്നതിനും, അമൃത് 2.0 പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടും ടി ജീവനക്കാരുടെ സേവനം ആവശ്യമായതിനാൽ മേൽ പറഞ്ഞ 3 പേരുടെയും കരാർ കാലാവധി ഒരു വർഷത്തേക്ക് കൂടി **( 2027 മാർച്ച് 31 വരെ)** നീട്ടി നൽകുന്നതിനായി അമൃത് UIWE ശ്രീ.രാഹുൽ.N 11.02.2026 തീയതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ് .
നിലവിൽ അമൃത് പദ്ധതിയും, UIDF, SAF, SSASCI, Urban Challenge, അമൃത് മിത്ര എന്നീ ഉപപദ്ധതികളും തുടരുന്ന സാഹചര്യത്തിൽ കരാർ കാലാവധി **31.03.2027** വരെ നീട്ടി നൽകുന്നതിനു ടി ജീവനക്കാർ **13.02.2026** തീയതിയിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടി ജീവനക്കാരുടെ കരാർ കാലാവധി **31.03.2027** വരെ നീട്ടി നൽകുന്നതിനുള്ള അനുമതിക്കുന്നതിനും തീരുമാനിച്ചു.

100. **വിഷയം (ഫയൽ നമ്പർ - 362979-2026)**

തൃശ്ശൂർ കോർപറേഷൻ - കൂർക്കഞ്ചേരി സോണൽ - റോഡുകൾ അടിയന്തരമായി പാച്ച് വർക്ക് ചെയ്യുന്നതിന് - മുൻകൂർ അനുമതി സാധൂകരണത്തിനായി

**തീരുമാനം**

1. തൃശൂർ കോർപറേഷൻ കൂർക്കഞ്ചേരി സോണൽ പരിധിയിൽ സംസ്ഥാന സ്കൂൾ യുവജനോത്സവം ,കൂർക്കഞ്ചേരി പൂയം , തൃശൂർ പൂരം എന്നിവയുമായി ബന്ധപ്പെട്ട് അടിയന്തിരമായി റോഡുകൾ പാച്ച് വർക്ക് ചെയ്യുന്ന പ്രെവർത്തിയുടെ 20,00,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനും ബഹു.മേയർ 06-01-2026 തിയതി നൽകിയ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

101. **വിഷയം (ഫയൽ നമ്പർ - 541356-2026)**

വിൽവട്ടം സോണൽ - വാർഷിക പദ്ധതി 2025-26 - റിവൈസ്ഡ് എസ്റ്റിമേറ്റ് - അംഗീകാരത്തിന് സമർപ്പിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. തൃശ്ശൂർ കോർപ്പറേഷൻ 2025-26 വാർഷിക പദ്ധതിയിലുൾപ്പെടുത്തി എക്സിക്യൂട്ടീവ് എഞ്ചിനീയർ 2 നിർവ്വഹണ ഉദ്യോഗസ്ഥയായി വിൽവട്ടം സോണലിൽ നടപ്പിലാക്കുന്ന പ്രവൃത്തികളിൽ റിവൈസെഡ് എസ്റ്റിമേറ്റ് ആവശ്യമായ പ്രോജക്ടുകൾ അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

102. **വിഷയം (ഫയൽ നമ്പർ - 584586-2025)**

ബഹു. ഒല്ലൂർ നിയോജകമണ്ഡലം-എം എൽ എ ശ്രീ. കെ രാജൻ അവർകൾ ശുപാർശ ചെയ്ത പ്രവൃത്തികൾക്ക് ബഹു കൗൺസിൽ അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. ബഹു. ഒല്ലൂർ നിയോജകമണ്ഡലം എം.എൽ.എ ശ്രീ.കെ.രാജൻ അവർകളുടെ 2024-25 വർഷത്തെ ആസ്തി വികസന ഫണ്ട് ലഭ്യമാക്കുന്നതിന് അദ്ദേഹം ശുപാർശ ചെയ്ത താഴെ പറയുന്ന പ്രവൃത്തികൾ കോർപ്പറേഷൻ പരിധിയിലെ വിവിധ പ്രദേശങ്ങളിൽ നിർവ്വഹണം നടത്തുന്നതിന് ഭരണാനുമതി നൽകുന്നതിനായി കൗൺസിൽ തീരുമാനം ഉൾപ്പെടെയുള്ള അനുബന്ധ രേഖകൾ സമർപ്പിക്കുന്നതിന് ബഹു. ജോയിന്റ് ഡയറക്ടറുടെ 13.08.2025 തിയ്യതിയിലെ LSDG/JD/TSR/1760/2025-F5 നമ്പർ കത്ത് പ്രകാരം അറിയിപ്പ് ലഭിച്ചിട്ടുള്ളതാണ്. പ്രസ്തുത 3 പ്രവൃത്തികൾ ( പ്രവർത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു ) നടപ്പിലാക്കുന്നതിന് അനുമതി നൽകുന്നതിനും, സൃഷ്ട്ടികപ്പെടുന്ന ആസ്തികൾ കോർപ്പറേഷൻ സംരക്ഷിക്കുന്നതിന് തീരുമാനിച്ചു.
1)സ്ഥാപിക്കപ്പെടുന്ന ഹൈമാസ്റ്റ് ലൈറ്റുകൾ ഉൾപ്പെടെയുള്ള ആസ്തികളുടെ പരിപാലന ചുമതല കോർപ്പറേഷൻ വഹിക്കേണ്ടതാണ്
2)ഇലക്ട്രിക്ക് ചാർജ് ഉൾപ്പെടെയുള്ള ആവർത്തന സ്വഭാവമുള്ള ചെലവുകളും കോർപ്പറേഷൻ വഹിക്കേണ്ടതാണ്
3)പദ്ധതികളുടെ വിശദാംശങ്ങൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്. ആകെ മൂന്നു പ്രവൃത്തികളാണ് സമർപ്പിച്ചിട്ടുള്ളത്.
(1) ഡിവിഷൻ -43 ലെ പനമുക്ക് കണിമംഗലം മെയിൻ റോഡ് പ്രദേശത്ത് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - 608000/-
(2) ഡിവിഷൻ 18 ലെ പോപ്പ് നഗർ കുഴൽ കിണറിന് സമീപത്ത് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - 608000/-
(3) ഡിവിഷൻ 26 ലെ നവജ്യോതി നഗർ പ്രദേശത്ത് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - 608000/-

103. **വിഷയം (ഫയൽ നമ്പർ - 1372252-2026)**

E3-5211/25 Pension Reena C J

**തീരുമാനം**

1. വൈദ്യുതി വിഭാഗത്തിൽ നിന്നും 31/03/2026 ൽ സേവനത്തിൽ നിന്നും വിരമിക്കുന്ന സീനിയർ സുപ്രണ്ട് ശ്രീമതി റീന സി ജെ യുടെ പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും അംഗീകരിച്ചു കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റ 31/01/2026 ലെ ഡി കെ എസ്എ /168/2026 പെൻ 2 വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട് . ആയതുപ്രകാരം പ്രതിമാസ യോഗ്യത പെൻഷൻ 36,550/-രൂപയും,DCRG 1000000/-രൂപയും,കമ്മ്യൂട്ടെഷൻ 19,47,384/-രൂപയുമാണ്. വെരിഫിക്കേഷൻ റിപ്പോർട്ടിന്റ് അടിസ്ഥാനത്തിൽ യോഗ്യത പെൻഷൻ 36,550/-രൂപ 01/04/2026 മുതൽ അനുവദിക്കുന്നതിനു തീരുമാനിച്ചു

104. **വിഷയം (ഫയൽ നമ്പർ - 685143-2025)**

ജി16-685143-2025- ഇലക്ഷൻ - അഡ്വാൻസ് ക്രമീകരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. 2025 ലെ ഇലക്ഷനുമായി ബന്ധപ്പെട്ട് വോട്ടർ പട്ടിക പുതുക്കുന്നതിനും മറ്റ് ചെലവുകൾക്കുമായി 2 ലക്ഷം രൂപ (17.10.2025 ) അഡ്വാൻസ് അനുവദിച്ചിരുന്നു. പ്രസ്തുത പ്രവൃത്തിയക്കായി 2 ലക്ഷം രൂപ ചെലവായിട്ടുണ്ടെന്നും ആയതിനാൽ ചെലവ് അംഗീകരിക്കുന്നതിനും അഡ്വാൻസ് ക്രമീകരിക്കുന്നതിനും 2 ലക്ഷം രൂപ അനുവദിക്കുന്നതിനും തീരുമാനിച്ചു.

105. **വിഷയം (ഫയൽ നമ്പർ - 1019197-2026)**

G 15-GENARAL SECTION - 2026-തദ്ദേശദിനാഘോഷത്തിന്റെ നടത്തിപ്പിനായി കോർപ്പറേഷൻ വിഹിതമായ തുക അടവാക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. 2026 - തദ്ദേശ ദിനാഘോഷവുമായി ബന്ധപ്പെട്ട് ചെലവിനത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വിഹിതം സ്വരൂപിക്കുന്നതിനും, ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ തലത്തിലുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തുക നിശ്ചയിച്ചു കൊണ്ടും, പ്രസ്തുത തുക ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി കൊണ്ടും 02/02/2026 തിയതിയിലെ സ .ഉ . (സാധാ ) നമ്പർ 259/2026/ ത സ്വ ഭ വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് കോർപ്പറേഷനുകൾക്കുള്ള വിഹിതമായി 500000/- (അഞ്ച് ലക്ഷം ) രൂപയാണ് നിശ്ചയിച്ച് ഉത്തരവായിട്ടുള്ളത്. എന്നാൽ തുക അടിയന്തിരമായി അടവാക്കേണ്ടിരുന്ന സാഹചര്യത്തിൽ ബഹു.മേയറുടെ അനുമതിയോടെ 1.00,000/- ( ഒരു ലക്ഷം രൂപ ) അടവാക്കിയിട്ടുള്ളതാണ് മേൽ പ്രകാരം തുക അടവാക്കിയ നടപടി സാധീകരിക്കുന്നതിനും ഇനി തുക അടവാക്കേണ്ടതില്ലയെന്നും തീരുമാനിച്ചു.

106. **വിഷയം (ഫയൽ നമ്പർ - 5050744-2025)**

PC5/5050744/25-ഒല്ലൂക്കര പ്രാഥമിക ആരോഗ്യകേന്ദ്രം- ഡോക്ടർ & പാരാ മെഡിക്കൽ സ്റ്റാഫ് നിയമനം സംബന്ധിച്ച്

**തീരുമാനം**

1. 16/02/2021ൽ ഒല്ലൂക്കര പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയിലൂടെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള പ്രഖ്യാപനവും നിർമ്മാണ ഉദ്ഘാടനവും നടന്നിട്ടുള്ളതാണെന്നും ഈവനിംഗ് ഒ പി അടക്കം പൂർണ്ണ സജ്ജമാക്കുന്നതിനായി ഒരു ഡോക്ടറെയും പാരാ മെഡിക്കൽ സ്റ്റാഫിനെയും നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് മെഡിക്കൽ ഓഫീസർ അപേക്ഷയുടെ അടിസ്ഥാനത്തിൽ2013 ലെ മുനിസിപ്പാലിറ്റി (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി) ചട്ടങ്ങളിലെ 8-)0 ചട്ടം 2-)0 ഉപ ചട്ടം പ്രകാരം കരാർ അടിസ്ഥാനത്തിൽ ജീവനക്കാരെ താൽക്കാലികമായി നിയോഗിക്കുന്നത് സുതാര്യമായ രീതിയിലും ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു പത്ര പരസ്യം നൽകി കൊണ്ടും മാനേജിംഗ് കമ്മിറ്റി ഏർപ്പെടുത്തുന്ന ഒരു സെലെക്ഷൻ കമ്മിറ്റി അപേക്ഷകരുടെ യോഗ്യതാ നിർണ്ണയം നടത്തിയതിനു ശേഷവും തെരഞ്ഞെടുക്കപ്പെട്ട ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കിയതിനു ശേഷം

കൌൺസിലിന്റ അംഗീകാരം വാങ്ങിയതിനു ശേഷവുമായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഇനത്തിലുള്ള വാർഷിക ചെലവിനായി 6-)0ചട്ടം 2-)0 ഉപചട്ടത്തിൽ പരാമർശിക്കുന്ന i)മുനിസിപ്പാലിറ്റി ലഭ്യമാക്കുന്നതും മുനിസിപ്പാലിറ്റി മുഖേന ലഭ്യമാകുന്നതുമായ ഫണ്ടുകൾ, ii)കേന്ദ്ര സംസ്ഥാന സർക്കാരുകളും ഏജൻസികളും ലഭ്യമാക്കുന്ന ഫണ്ടുകൾ എന്നിവ ഒഴിച്ചുള്ള ഇനങ്ങളിലെ വാർഷിക വരുമാനത്തിന്റെ 50 ശതമാനത്തിൽ കവിയാത്ത തുക മാത്രമേ ഉപയോഗിക്കാവൂ എന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.മാനേജിങ്ങ് കമ്മിറ്റിയിലെ ഒരു അംഗത്തെയോ ഒരു കൌൺസിലറെയോ അവരുടെ കുടുംബത്തിലെ ഏതെങ്കിലും വ്യക്തിയേയോ ഈ ചട്ടത്തിൻ കീഴിൽ പൊതുജനാരോഗ്യ സ്ഥാപനത്തിൽ കരാർ അടിസ്ഥാനത്തിൽ ജോലിക്ക് നിയോഗിക്കുവാൻ പാടില്ലയെന്നും ആയത് പ്രകാരം ഡോക്ടർ & പാരാ മെഡിക്കൽ സ്റ്റാഫ് എന്നീ തസ്തികയിൽ താൽക്കാലികമായി 6 മാസകാലത്തേക്ക് നിയമാനുസ്യരണം നടപടി സ്വീകരിച്ച് നിയമിക്കുന്നതിന് മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

107. **വിഷയം (ഫയൽ നമ്പർ - 879495-2024)**

തൃശ്ശൂർ കോർപ്പറേഷൻ - റവന്യു വിഭാഗം- ബഹു: മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

1. റവന്യു വിഭാഗത്തിലെ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി താൽകാലിക വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ടായിരുന്ന ഡാറ്റ എൻട്രി ഓപ്പറേറ്റർമാരുടെ സേവന കാലാവധി 29/11/2024 ലെ 53 നമ്പർ കൗൺസിൽ തീരുനമാപ്രകാരം 31/12/2024 വരെ നീട്ടി നൽകിയിരുന്നു. ഡാറ്റ പ്യൂരിഫിക്കേഷൻ ജോലികൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ ബഹു.മേയറുടെ 01/01/2025 തിയ്യതിയിലെ മുൻകൂർ അനുമതി പ്രകാരം ഡാറ്റ എൻട്രി ഓപ്പറേറ്റർമാരുടെ സേവന കാലാവധി 31/03/2025 വരെ ദീർഘിപ്പിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ സേവന കാലാവധി ദീർഘിപ്പിച്ചതുമായി ബന്ധപ്പെട്ട ബഹു.മേയറുടെ മുൻകൂർ അനുമതി സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

108. **വിഷയം (ഫയൽ നമ്പർ - 1372252-2026)**

E3-3355/25 Pension &Pension benefit K N Ramanunny

**തീരുമാനം**

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 13/01/2026 ലെ LSGD/PD/26420/2025 PEN A 4 നമ്പർ ഉത്തരവ് പ്രകാരം വൈദ്യുതി വിഭാഗത്തിൽ നിന്നും 31/05/2025 ൽ സീനിയർ സൂപ്രണ്ടന്റ് തസ്തികയിൽ വിരമിച്ച ശ്രീ രാമനുണ്ണി കെ എൻ ന് പെൻഷനും പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചു ഉത്തരവായിട്ടുണ്ട് .ആയതുപ്രകാരം DCRG ഇനത്തിൽ 1000000/- രൂപയും, കമ്മ്യൂറ്റേഷൻ ഇനത്തിൽ 30,53,502/-രൂപയും,പെൻഷൻ കുടിശ്ശിക ഇനത്തിൽ 2,02,688/- രൂപയുംTCEDയുടെ സാമ്പത്തിക സുസ്ഥിരത മുൻ നിർത്തി ടി തുക നാല് തുല്യ ഗഡുക്കളായി തുടർച്ചയായി നൽകുന്നതിന് തീരുമാനിച്ചു.

109. **വിഷയം (ഫയൽ നമ്പർ - 1916952-2025)**

PC5- തൃശൂർ കോർപ്പറേഷൻ- ആസൂത്രണ വിഭാഗം- അംഗൻവാടി വർക്കർമാരുടെ എൽ എസ് ജി ഡി വിഹിതം വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച് .

**തീരുമാനം**

1. അംഗനവാടി വർക്കർമാരുടെ എൽ എസ് ജി ഡി വിഹിതം വർധിപ്പിക്കുന്നത് സംബന്ധിച്ച് ശ്രീ.മിഥുൻ എന്നവർ മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലേക്ക് സമർപ്പിച്ച പരാതിയിന്മേൽ വിവരങ്ങൾ, രേഖകൾ , അഭിപ്രായം, ശുപാർശ എന്നിവ ആവശ്യപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അയച്ച കത്തിൻമേൽ തൃശൂർ ജില്ലാ ജോയിന്റ് ഡയറക്ടർക്കുള്ള പ്രഥമ മറുപടി 30/06/2025 ന് ഇമെയിൽ മുഖേന നൽകിയിട്ടുള്ളതാണ്. ടി വിഷയം 27/06/2025 -ലെ ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ സമർപ്പിച്ചതിൽ 3-)0 നമ്പർ തീരുമാനം പ്രകാരം അംഗനവാടി വർക്കർമാരുടെ എൽ എസ് ജി ഡി വിഹിതം നിലവിൽ 2200 രൂപയാണെന്നും വനിതാശിശു വികസന വകുപ്പിന്റെ 05.02.2024ലെ സ.ഉ.(സാധാ) നമ്പർ 52/2024/WCDD ഉത്തരവ് പ്രകാരം അവസാനമായി 2023 ഡിസംബർ മാസം പ്രാബല്യം നൽകിയാണ് വേതനം വർദ്ധിപ്പിച്ചത് എന്നും ആയത് കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടത് അത്യാവശ്യമാണെന്നും കമ്മിറ്റി വിലയിരുത്തി. എൽ എസ് ജി ഡി വിഹിതം വർധിപ്പിക്കുന്നതിന് തീരുമാനിച്ചു.

110. **വിഷയം (ഫയൽ നമ്പർ - 5626394-2025)**

തൃശ്ശൂർ കോർപ്പറേഷൻ- ആരോഗ്യ വിഭാഗം- സംസ്ഥാന വിനോദസഞ്ചാര വകുപ്പിന്റെ ഓണം വാരാഘോഷത്തിന്റെ ഭാഗമായി നടത്തിയ ഓണാഘോഷപരിപാടിക്ക് ധനസഹായം അനുവദിക്കുന്നത്- സംബന്ധിച്ച്

**തീരുമാനം**

1. സംസ്ഥാന വിനോദസഞ്ചാര വകുപ്പിന്റെ ഓണം വാരാഘോഷത്തിന്റെ ഭാഗമായി 2025 സെപ്റ്റംബർ 4 മുതൽ 8 വരെ വടക്കുനാഥ ക്ഷേത്രമൈതാനത്ത് വെച്ച് നടത്തിയ ജില്ലാതല ഓണാഘോഷപരിപാടിക്ക് സഹായം അനുവദിക്കുന്നതിലേക്കായി പ്രത്യേകം സർക്കാർ അനുമതി/ നിർദേശങ്ങൾ ഒന്നും ലഭിച്ചിട്ടില്ലാത്ത സഹചര്യത്തിൽ 5 ലക്ഷം രൂപ അനുവദിക്കണെമെന്നുള്ള അപേക്ഷ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു.

111. **വിഷയം (ഫയൽ നമ്പർ - 5283229-2025)**

തൃശൂർ കോർപ്പറേഷൻ -മരാമത് വിഭാഗം -div-2-സീതാരാമസ്വാമി പുഷ്പഗിരിറോഡിൽ ജിം എക്വിപ്മെന്റ്സ് വാങ്ങുന്നത് -ടെണ്ടർ അംഗീകാരം ലഭ്യമാക്കുന്നത് സംബന്ധിച്ച്

**തീരുമാനം**

